കൊണ്ടു മാത്രമേ നിയമിക്കാൻ പാടുള്ളൂ എന്ന് 12-10-2006-ലെ ജി.ഒ (പി) നമ്പർ 259/2006/പൊ.വി. പ്രകാരം വ്യക്തമാക്കിയിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പാലിക്കാൻ കെ.ഇ.ആർ. പ്രകാരം മാനേജർമാർ ബാധ്യസ്ഥരാണ്.

(സി) നിലവിലുള്ള ആക്ടും ചട്ടങ്ങളുമനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കാൻ മാനേജർമാർ ബാധ്യസ്ഥരാണ്. എയ്ഡഡ് സ്കൂളുകളിലെ പ്രൊട്ടക്ഷന് അർഹതയുള്ള അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടുന്ന അവസരത്തിൽ, അവർക്ക് മറ്റ് എയ്ഡഡ് സ്കൂളുകളിലെ ഒഴിവുകളിൽ നിയമനം നൽകാൻ മാനേജർമാർ ബാധ്യസ്ഥരാണ് എന്ന് ആക്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

യു.പി. സ്കൂളുകളിൽ സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി

62 (3809) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ യു. പി. സ്കൂളുകളിൽ ഏതൊക്കെ തസ്തികകളാണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) യു.പി. സ്കൂളുകളിൽ സ്വീപ്പർ തസ്തികയില്ലെങ്കിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ യു.പി. സ്കൂളുകളിൽ താഴെ പറയുന്ന തസ്തികകളാണ് നിലവിലുള്ളത്. ഹെഡ്മാസ്റ്റർ, യു.പി.എസ്.എ., ജൂനിയർ ലാംഗ്വേജ് ടീച്ചർ, പ്യൂൺ, സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ (500 കുട്ടികളോ അതിൽ കൂടുതലോ ഇഫക്ടീവ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറിന്റേയോ, മ്യൂസിക് ടീച്ചറിന്റേയോ, ഡ്രോയിംഗ് ടീച്ചറിന്റേയോ, തയ്യൽ ടീച്ചറിന്റേയോ ഏതെങ്കിലും ഒരു തസ്തിക അനുവദിക്കാവുന്നതാണ്. തയ്യൽ തസ്തിക അനുവദിക്കുന്നതിന് 200 പെൺകുട്ടികളോ അതിൽ കൂടുതലോ വേണമെന്ന നിബന്ധന കൂടിയുണ്ട്.)

(ബി) ഗവൺമെന്റ് യു.പി. സ്കൂളുകളിൽ പാർട്ട്ടൈം സ്വീപ്പർ തസ്തിക നിലവിലുണ്ട്. എയ്ഡഡ് യു.പി. സ്കൂളുകളിൽ സ്വീപ്പർ തസ്തിക നിലവിലില്ല. എന്നാൽ സ്വീപ്പിംങ്ങ് ജോലി നിർവ്വഹിക്കുന്നതിന് കണ്ടിജന്റ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കാവുന്നതാണ്.

പാർട്ട്ടൈം ടീച്ചർമാർക്ക് പി.എഫ്.-ൽ ചേരാനുള്ള അർഹത

63 (3810) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ പാർട്ട്ടൈം ടീച്ചർമാർക്ക് പി.എഫ്.-ൽ ചേരാനുള്ള അർഹതയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly